# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2886** **20.12.2012 ൽ മറുപടിക്ക്**

**<u>സ്കൂൾ ശാസ്ത്ര, കലാമേളകളിൽ മലയാളം നിർബന്ധ ഭാഷ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സ്കൂളുകളിൽ മലയാളം നിർബന്ധമാക്കിയ സാഹചര്യത്തിൽ സ്കൂൾ ശാസ്ത്ര കലാ മേളകളിലും അത് നിർബന്ധ മാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നിലവിൽ സ്കൂൾ ശാസ്ത്ര കലാമേള കളിൽ മലയാളം ഉപയോഗിക്കുന്നുണ്ട്. ചോദ്യങ്ങൾ തയ്യാറാക്കുമ്പോഴും, പ്രോജക്ടുകളുടെ അവതരണത്തിനും നിർബന്ധമായും മലയാള ഭാഷ കൂടി ഉപയോഗിക്കുന്നുണ്ട്. |
| (ബി) | കോട്ടയം ജില്ലാ ശാസ്ത്രമേള യോടനുബന്ധിച്ച് 15-11-2012 ൽ ചങ്ങനാശ്ശേരിയിൽ വച്ച് നടന്ന സയൻസ് ക്വിസിൽ ചോദ്യങ്ങൾ ഇംഗ്ലീഷിൽ മാത്രം ചോദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | എങ്കിൽ അതിനുത്തരവാദികൾ ക്കെതിരെ നടപടി സ്വീകരി ക്കുമോ; വിശദമാക്കുമോ; | (സി) | സയൻസ് ക്വിസ് മത്സരത്തിനായി മലയാളത്തിലും, ഇംഗ്ലീഷിലും ചോദ്യങ്ങൾ തയ്യാറാക്കിയാണ് മത്സരം നടത്തുന്നത്. കോട്ടയം ജില്ലാ ശാസ്ത്ര മേളയിലും സയൻസ് ക്വിസ് മത്സരത്തിന് മലയാളത്തിൽ ചോദ്യങ്ങൾ ചോദിച്ചിരുന്നു. |
| (ഡി) | പ്രസ്തുത സംഭവം ആവർത്തി ക്കാതിരിക്കാൻ നടപടി സ്വീകരി ക്കുമോ; വിശദാംശം നൽകുമോ? | (ഡി) | നിർബന്ധമായും മലയാളത്തിന് പ്രാധാന്യം നൽകി വേണം ശാസ്ത്രമേള യുടെയും കലാമേളയുടെയും പ്രവർ ത്തനങ്ങൾ നടത്തേണ്ടതെന്നുള്ള സർക്കുലർ ബന്ധപ്പെട്ട ഓഫീസർമാർക്ക് എല്ലാവർഷവും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ